2023
DECEMBER
25
MONDAY
Special Issue e-Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

Happy Xmas

## അയോധ്യ വിമാനത്താവളം 30ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും



**ലക്നൗ:** ഡിസംബർ 30ന് അയോധ്യയിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി വിമാനത്താവളം ഉദ്ഘാടനത്തിനു ശേഷം റോഡ് ഷോയിലും പൊതു സമ്മേളനത്തിലും പങ്കെടുക്കും. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ അയോധ്യ റെയിൽവേ സ്റ്റേഷനും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ജനുവരി 22ന് അയോധ്യയിലെ രാമക്ഷേത്രത്തിൽ പ്രതിഷ്ഠാ ചടങ്ങുകൾ നടക്കുന്നതിനോട് അനുബന്ധിച്ചാണ് വിമാനത്താവളം ഉദ്ഘാടനം ചെയ്യുന്നത്.

വിമാനത്താവളത്തിന്റെ ഉദ്ഘാടനത്തിനു ശേഷമാവും റോഡ് ഷോ. വിമാനത്താവളത്തിനും റെയിൽവേ സ്റ്റേഷനും ഇടയിലുള്ള 15 കിലോമീറ്റർ ദൂരം റോഡ് ഷോ ഉണ്ടായിരിക്കും. ധരംപാത്, ലതാമങ്കേഷ്കർ ചൗക്ക്, രാംപാത്, തേധി ബസാർ, മൊഹബ്ര എന്നിവിടങ്ങളിലൂടെയാവും റോഡ് ഷോ കടന്നുപോവുക. റെയിൽവേ സ്റ്റേഷനിൽ വന്ദേ ഭാരത്, അമൃത് ഭാരത് എന്നീ ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ്ഓഫ് ചെയ്യും. റോഡു മാർഗം തിരികെ വിമാനത്താവളത്തിൽ എത്തിയാണ് പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുക.

റോഡ്ഷോ നടക്കുന്ന പാതയിൽ 51 ഇടങ്ങളിലായി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും. ഇവിടങ്ങളിലെല്ലാം സന്യാസിമാർ പ്രധാനമന്ത്രിയെ അനുഗ്രഹിക്കും. 30ന് രാവിലെ 11.20നാണ് അയോധ്യയിൽ ആദ്യ വിമാനമിറങ്ങുക. ഡൽഹിയിൽനിന്ന് 10 മണിക്ക് പുറപ്പെടുന്ന വിമാനമാണിത്. റെയിൽവേ സ്റ്റേഷൻ മുതൽ വിമാനത്താവളം വരെ 5 കിലോമീറ്റർ ദൈർഘ്യമുള്ള ഫ്ലൈഓവറിന്റെ ശിലാസ്ഥാപനത്തിലും മോദി പങ്കെടുക്കും.

# ഇന്ത്യൻ ചരക്കുകപ്പലിന് നേരെ ഹൂതിഭീകരരുടെ ആക്രമണം

**ന്യൂഡൽഹി:** ദക്ഷിണ ചെങ്കടലിൽ 25 ഇന്ത്യൻ നാവികരടങ്ങിയ എണ്ണക്കപ്പലിനു നേരെ യെമനിലെ ഹൂതി വിമതരുടെ ഡ്രോൺ ആക്രമണം. ഗാബണിൽ റജിസ്റ്റർ ചെയ്ത എംവി സായിബാബ എന്ന ടാങ്കറിനു നേരെയാണ് ആക്രമണമുണ്ടായതെന്നു യുഎസ് സേന അറിയിച്ചു. അറബിക്കടലിൽ ഗുജറാത്തിനു സമീപം എംവി കെം പ്ലൂട്ടോ എന്ന ചരക്കു കപ്പലിനു നേരെ ഡ്രോൺ ആക്രമണമുണ്ടായതിനു പിന്നാലെയാണിത്.



ഗാബണിൽ റജിസ്റ്റർ ചെയ്തതെങ്കിലും ഇന്ത്യൻ അധീനതയിലുള്ള കപ്പലാണ് എംവി സായിബാബ ഓയിൽ ടാങ്കറെന്നാണു വിവരം. 25 നാവികരും ഇന്ത്യക്കാരാണ്. ടാങ്കറിനു ചെറിയ കേടുപാടുകളുണ്ടായെങ്കിലും ആർക്കും ആളപായമില്ല. നോർവേയിൽ റജിസ്റ്റർ ചെയ്ത എംവി ബ്ലാമാനെൻ എന്ന ഓയിൽ ടാങ്കറിനു നേരെ വിഫലമായ ആക്രമണമുണ്ടായതിനു ശേഷമാണ് എംവി സായിബാബയ്ക്കു നേരെ ആക്രമണം.

ഇറാന്റെ പിന്തുണയുള്ള ഹൂതി വിമതരാണ് ആക്രമണത്തിനു പിന്നിലെന്നു യുഎസ് ആരോപിച്ചു. ഇതേസമയം, എണ്ണക്കപ്പലിനു സമീപം പതിച്ചത് യുഎസ് മിസൈൽ ആണെന്ന് ഹൂതി ഭീകരർ ആരോപിച്ചു.

## ഭീകരർക്കായി തിരച്ചിൽ ശക്തം; കരസേനാ മേധാവി കശ്മീരിലേക്ക്

**ശ്രീനഗർ:** ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ ജമ്മു കശ്മീർ സന്ദർശിക്കും. തിങ്കളാഴ്ച ജമ്മുവിലെത്തുന്ന കരസേനാ മേധാവി കശ്മീരിലെ ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ വിലയിരുത്തും. രജൗറിയിൽ സേനയുടെ വാഹനവ്യൂഹത്തിനു നേർക്കുണ്ടായ ആക്രമണത്തിൽ നാല് സൈനികർ വീരമൃത്യു വരിച്ചു ദിവസങ്ങൾ പിന്നിടുമ്പോഴാണ് സേനാ മേധാവി കശ്മീരിലെത്തുന്നത്.

താനാമണ്ഡിക്കു സമീപം വ്യാഴാഴ്ച വൈകിട്ട് 3.45ന് ആയിരുന്നു ഭീകരർ സേനയ്ക്കു നേരെ ആക്രമണം നടത്തിയത്. ഭീകരർക്കായുള്ള തിരച്ചിൽ തുടരുകയാണ്. മേഖലയിൽ സമീപകാലത്ത് വർധിച്ചുവരുന്ന ഭീകരാക്രമണങ്ങളെ ചെറുക്കാനുള്ള പദ്ധതികൾ സേനാ മേധാവി ചർച്ച ചെയ്യും. പ്രതിരോധ മേഖലയിലെ വിദഗ്ധരും ചർച്ചയ്ക്ക് എത്തിയേക്കുമെന്നാണ് വിവരം. നിയന്ത്രണ രേഖയിലെ കടന്നുകയറ്റം പൂർണമായും ഇല്ലാതാക്കാൻ കൂടുതൽ സേനാവിന്യാസം നടത്തിയേക്കും. വനമേഖലയിൽ ഉൾപ്പെടെ ഏറ്റുമുട്ടൽ നടത്താൻ പരിശീലനം ലഭിച്ച സൈനികരെ ഇവിടെ വിന്യസിക്കാനും തയാറെടുപ്പു നടത്തുന്നതായാണ് സൂചന.

രജൗറി, പൂഞ്ച് മേഖലകളിൽ ഭീകരാക്രമണം വർധിക്കുന്നത് ആശങ്കപ്പെടുത്തുന്നതാണെന്ന് സുരക്ഷാ വിദഗ്ധർ പറയുന്നു.

## ഗണേഷ് കുമാറും കടന്നപ്പള്ളി രാമചന്ദ്രനും മന്ത്രിസഭയിലേക്ക്, സത്യപ്രതിജ്ഞ 29ന്

**തിരുവനന്തപുരം:** കെ.ബി.ഗണേഷ് കുമാറും കടന്നപ്പള്ളി രാമചന്ദ്രനും ഈ മാസം 29നു മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്യുമെന്ന് എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻ. എല്ലാവരെയും ചടങ്ങിലേക്കു ക്ഷണിക്കുന്നതായും ജയരാജൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇടതുമുന്നണി യോഗത്തിനു ശേഷമാണ് പുതിയ മന്ത്രിമാരുടെ സത്യപ്രതിജ്ഞാ ചടങ്ങ് സംബന്ധിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനം.

നിലവിലെ രണ്ടു മന്ത്രിമാർ രാജി സമർപ്പിച്ചു. മുന്നണി ധാരണയുടെ ഭാഗമായിട്ട് അവർ അവരുടെ ദൗത്യം നിർവഹിച്ചു. രണ്ടു മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യാനുള്ള തീരുമാനങ്ങളും മുന്നണി കൈക്കൊണ്ടു. ബാക്കിയുള്ള നടപടികളെല്ലാം മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടത്. വകുപ്പ് മുഖ്യമന്ത്രി തീരുമാനിക്കും. ഇ.പി.ജയരാജൻ പറഞ്ഞു. നവകേരള സദസ്സ് ചരിത്ര വിജയമായി മാറിയെന്നും മുഖ്യമന്ത്രി നടത്തിയ പ്രഭാത യോഗം വലിയ വിജയമെന്നും ഇ.പി.ജയരാജൻ പറഞ്ഞു. ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളും ഇതു മാതൃകയായി സ്വീകരിക്കുകയാണ്. മുഖ്യമന്ത്രി എല്ലാ മണ്ഡലങ്ങളിലും പ്രസംഗിച്ചു.

## സമ്പത്ത് സൃഷ്ടിച്ച കമ്പനികളിൽ റിലയൻസും ടിസിഎസും ഐസിഐസിഐ ബാങ്കും മുന്നിൽ

**മുംബൈ:** അഞ്ച് വർഷ കാലയളവിൽ സമ്പത്ത് സൃഷ്ടിച്ച ഓഹരികളിൽ മുന്നിൽ റിലയൻസ് ഇൻഡസ്ട്രീസ്. ടിസിഎസ്, ഐസിഐസിഐ ബാങ്ക്, ഇൻഫോസിസ്, ഭാരതി എയർടെൽ എന്നീ നാല് കമ്പനികളും നിക്ഷേപകന് മികച്ച നേട്ടമാണ് 201823 കാലയളവിൽ നേടിക്കൊടുത്തത്.

ഉയർന്ന നേട്ടം നൽകിയ 10 കമ്പനികളിൽ 10 ലക്ഷം രൂപ ഈ കാലയളവിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ 2023ൽ അതിന്റെ മൂല്യം ഒരുകോടി രൂപയിലെത്തുമായിരുന്നു. 59 ശതമാനമാണ് വാർഷിക നേട്ടം. ബിഎസ്ഇ സെൻസെക്സിലെ ഉയർച്ച 12 ശതമാനം മാത്രമായിരുന്നു. മോത്തിലാൽ ഒസ്വാൾ ഫിനാൻഷ്യൽ സർവീസസ് പുറത്തുവിട്ട റിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. റിലയൻസ് ഇൻഡസ്ട്രീസ്, ടിസിഎസ് ഉൾപ്പടെയുള്ള അഞ്ച് കമ്പനികൾ ചേർന്ന് 2018നും 2023നുമിടയിൽ 27 ലക്ഷം കോടി രൂപയുടെ സമ്പത്താണ് സൃഷ്ടിച്ചത്.സമ്പത്ത് സൃഷ്ടിക്കുന്നകാര്യത്തിൽ അഞ്ചാം തവണയും റിലയൻസ് ആണ് മുന്നിൽ. കൗതുകകരമെന്ന് പറയട്ടെ, കൂടുതൽ സമ്പത്ത് നിക്ഷേപകന് സമ്മാനിച്ച 10 ഓഹരികളുടെ പട്ടികയിൽ കുറച്ച് വർഷങ്ങൾക്കുശേഷം എച്ച്ഡിഎഫ്സി ബാങ്ക് ഇടംപിടിച്ചില്ല. അഞ്ച് വർഷക്കാലയളവിലെ സെൻസെക്സിന്റെ റിട്ടേണിന് താഴെയായിരുന്നു ഓഹരിയിലെ മുന്നേറ്റം. അടുത്തവർഷത്തെ റിപ്പോർട്ടിൽ സ്ഥാനം വീണ്ടെടുത്തേക്കുമെന്നാണ് വിലയിരുത്തൽ.

അത്രതന്നെ മികച്ചതല്ലാത്ത കമ്പനിയായ ലോയ്ഡ് മെറ്റൽസ് 201823 കാലയളവിൽ അതിവേഗം സമ്പത്ത് സൃഷ്ടിച്ച കമ്പനികളിലൊന്നായി. ഈ ഓഹരിയിലെ വാർഷിക റിട്ടേൺ 79 ശതമാനമാണ്. ചെറുകിടഇടത്തരം ഓഹരികളെ ചുറ്റിപ്പറ്റി വിപണിയിൽ ചർച്ചകൾ പൊടിപൊടിക്കുമ്പോൾ സമ്പത്ത് സൃഷ്ടിച്ച് മുന്നിലെത്തിയ പത്ത് കമ്പനികളിൽ ആറ് എണ്ണത്തിന്റെയും വിപണിമൂല്യം 2018ൽ 5,000 കോടി രൂപയിൽ താഴെയായിരുന്നുവെന്നത് ശ്രദ്ധേയമാണ്.






# ഇൻഷുറൻസ് ബോധവൽക്കരണ റാലി സമാപിച്ചു

**കൊച്ചി:** ഇൻഷുറൻസ് പരിരക്ഷയുടെ പ്രാധാന്യം പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ മൂന്ന് ദിവസങ്ങളിലായി മാഗ്മ എച്ച്ഡിഐ നടത്തിയ വനിത റൈഡർമാരുടെ ബൈക്ക് റാലിക്ക് എറണാകുളം ജില്ലയിൽ സമാപനം. 2047ഓടെ രാജ്യത്ത് എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക എന്ന, ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഐആർഡിഎഐ) രാജ്യവ്യാപക പ്രചാരണത്തിന്റെ ഭാഗമായി മാഗ്മ എച്ച്ഡിഐയാണ് റാലി സംഘടിപ്പിച്ചത്. പ്രമുഖ വനിത റൈഡർമാരായ ഡോ. സന, അലീന, ഷംന എന്നിവരടങ്ങുന്ന സംഘം തിരുവനന്തപുരത്തു നിന്നാണ് റാലി ആരംഭിച്ചത്.

തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ സംഘം പൊതുജനങ്ങളുമായി സംവദിക്കുകയും ഇൻഷുറൻസ് ബോധവൽക്കരണ സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു. നേരത്തെ, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ഇൻഷുറൻസ് പ്ലാനുകൾ വഹിക്കുന്ന പങ്കിനെപ്പറ്റി മാഗ്മ എച്ച്ഡിഐ ആരംഭിച്ച 'ഇൻഷുറൻസ് എടുത്തോ?' ക്യാമ്പയിൻ ജനശ്രദ്ധയാകർഷിച്ചിരുന്നു.

ഇൻഷുറൻസ് പരിരക്ഷയുടെ പ്രാധാന്യം വിളിച്ചോതി, വനിതകൾ നടത്തിയ ബൈക്ക് റാലി വൻ വിജയമായതായി മാഗ്മ എച്ച്ഡിഐയുടെ ചീഫ് ടെക്നിക്കൽ ഓഫീസർ അമിത് ഭണ്ഡാരി പറഞ്ഞു. 'കേരളത്തിലെ ജനങ്ങളിൽ നിന്നും ആവേശകരമായ സ്വീകരണമാണ് റാലിക്ക് ലഭിച്ചത്. സാമ്പത്തിക വെല്ലുവിളികളെ അതിജീവിക്കാനും ഭാവി ജീവിതം ശോഭനമാക്കാനും ഇൻഷുറൻസ് എടുക്കേണ്ടതിന്റെ ആവിശ്യകതയെപ്പറ്റി കേരളത്തിലെ ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ ഈ റാലിയിലൂടെ സാധിച്ചു.' അദ്ദേഹം പറഞ്ഞു.

## കേരളം ആദ്യമായി സന്തോഷ് ട്രോഫി നേടിയതിൻറെ സുവർണ്ണ ജൂബിലി ആഘോഷം

**കൊച്ചി:** 1973 ഡിസംബർ 27 നാണ് ആ ചരിത്രവിജയത്തിന് മഹാരാജാസ് കോളേജ് ഗ്രൗണ്ട് സാക്ഷിയായത്. കേരളത്തിലെ കായികരംഗത്തെ ഒന്നടങ്കം അഭിമാനപൂരിതമാക്കിയ ആ ചരിത്ര വിജയം കൊച്ചി നഗരസഭ ആഘോഷിക്കുന്നു. അതിൻറെ ഭാഗമായി 100 കണക്കിന് സ്കൂൾ കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊച്ചി മേയേഴ്സ് കപ്പിന് വേണ്ടിയുള്ളടൂർണ്ണമെൻറ് വിജയകരമായി സംഘടിപ്പിച്ചു.

ഡിസംബർ 27 ചരിത്ര വിജയ ദിനത്തിൽ വൈകീട്ട് 4 മണിക്ക് വർണ്ണശബളമായ സോക്കർ കാർണിവൽ നടക്കും. വൈകിട്ട് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നു ആരംഭിക്കുന്ന ഘോഷയാത്ര ഡി.എച്ച് ഗ്രൗണ്ടിൽ സമാപിക്കും. തുടർന്ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വെച്ച് 1973 ലെ സന്തോഷ് ട്രോഫി താരങ്ങളെ ആദരിക്കും.

സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കൊച്ചി മേയേഴ്സ് ട്രോഫിക്കു വേണ്ടിയുള്ള ഫുട്ബോൾ ടൂർണമെൻറിൽ പങ്കെടുത്ത് വിജയിച്ച സ്കൂൾ കോളേജ് ടീമുകൾക്കുള്ള ട്രോഫികളും ക്യാഷ് അവാർഡുകളും നൽകും. കൊച്ചി നഗരസഭ നൽകുന്ന 1000 ഫുട്ബോൾ വിതരണത്തിൻറെ ഉദ്ഘാടനവും വേദിയിൽ വെച്ച് നടക്കും. 26 മുതൽ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നായി ആദ്യവിജയം നേടിയ 1973 ലെ സന്തോഷ് ട്രോഫി താരങ്ങൾ കൊച്ചിയിലെത്തിച്ചേരും.

ഡിസംബർ 27 ന് ഉച്ചയ്ക്ക് 2 മണിക്ക് താരങ്ങളും പുതുതലമുറ ഫുട്ബോൾ കളിക്കാരും തമ്മിലുള്ള മുഖാമുഖം പരിപാടി നഗരസഭാ കൗൺസിൽ ഹാളിൽ വെച്ച് നടക്കും.

## ക്രിസ്തുമസ് ന്യൂഇയർ ലൈറ്റിംഗ് 202324 പരിപാടിയുമായി വിനോദസഞ്ചാര വകുപ്പ്

**കൊച്ചി:** പുതുവത്സരാഘോഷങ്ങൾക്ക് മാറ്റുകൂട്ടുവാൻ ഇലുമിനേറ്റിങ് ജോയ് സ്പ്രെഡ്ഡിംഗ് ഹാർമണി പരിപാടിയുമായി വിനോദസഞ്ചാര വകുപ്പ്. ജില്ലയുടെ ചരിത്രത്തിൽ ആദ്യമായി കൊച്ചി മറൈൻ ഡ്രൈവിലും പരിസരത്തിലുമാണ് വർണ്ണ വിളക്കുകളുടെ മഴവിൽ വസന്തം വിരിയിക്കുന്നത്. പരിപാടിയുടെ ഉദ്ഘാടനം ഡിസംബർ 30 വൈകിട്ട് ആറിന് പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. മന്ത്രി പി രാജീവ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഡിസംബർ 30 മുതൽ 2024 ജനുവരി അഞ്ചുവരെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ചടങ്ങിൽ പി ബി നൂഹ്, ടി ജെ വിനോദ് എംഎൽഎ, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ എം ഹുസൈൻ, കൊച്ചി കോർപ്പറേഷൻ കൗൺസിലർമാരായ പത്മജാ മേനോൻ, മനു ജേക്കബ്, മിനി ദിലീപ് തുടങ്ങിയവർ സംസാരിക്കും.

# എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട്ബെംഗളൂരു റൂട്ടിൽ പ്രതിദിന സർവീസ് ആരംഭിക്കുന്നു

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് കോഴിക്കോട്ബെംഗളൂരു റൂട്ടിൽ ജനുവരി 16 മുതൽ നേരിട്ടുള്ള പ്രതിദിന വിമാന സർവീസ് ആരംഭിക്കുന്നു. ബെംഗളൂരുവിൽ നിന്നും വൈകിട്ട് 6:45 ന് പുറപ്പെടുന്ന വിമാനം 7.45 ന് കോഴിക്കോട്ടെത്തും. മടക്ക വിമാനം കോഴിക്കോട്ടുനിന്ന് രാത്രി 8.15ന് പുറപ്പെട്ട് 9.15ന് ബെംഗളൂരുവിലെത്തും.

പുതിയ സർവീസ് തുടങ്ങുന്നതോടു കൂടി കോഴിക്കോട് നിന്നും മുംബൈ, കൊൽക്കത്ത, ഡൽഹി, ചെന്നൈ, ഹൈദരാബാദ്, ഗോവ, ജയ്പൂർ, പുണെ, വാരാണസി തുടങ്ങി 22 സ്ഥലങ്ങളിലേക്ക് വൺ സ്റ്റോപ്പ് ഫ്ലൈറ്റുകൾ ലഭ്യമാകും. എയർ ഇന്ത്യ എക്സ്പ്രസ് 344 പ്രതിവാര സർവീസുകൾ നടത്തുന്ന ബെംഗളൂരു വഴി ഈ ലക്ഷ്യസ്ഥാനങ്ങളിലേക്ക് സൗകര്യപ്രദമായി എത്തിച്ചേരാൻ കഴിയും.

എയർലൈനിൻറെ മൊബൈൽ ആപ്പിലൂടെയും മശ്യശിറശമലഃു്യലൈ.രീ എന്ന വെബ്സൈറ്റിലൂടെയും മറ്റ് പ്രധാന ബുക്കിംഗ് പ്ലാറ്റ്ഫോമുകളിലൂടെയും പുതിയ സർവീസിൻറെ ബുക്കിംഗുകൾ ആരംഭിച്ചു.

എയർ ഇന്ത്യ എക്സ്പ്രസിൻറെ വിപുലമായ ശൃംഖലയിലെ പ്രധാന കേന്ദ്രങ്ങളാണ് കോഴിക്കോടും ബെംഗളൂരുവുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു. വരും ദിവസങ്ങളിൽ കോഴിക്കോട് നിന്നുള്ള ആഭ്യന്തര സർവീസുകൾ വിപുലീകരിച്ചു കൊണ്ട് ഉപയോക്താക്കൾക്ക് കൂടുതൽ യാത്രാ അവസരങ്ങൾ ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

എയർ ഇന്ത്യ എക്സ്പ്രസ് നിലവിൽ കോഴിക്കോട് നിന്ന് മിഡിൽ ഈസ്റ്റിലെ 13 ലക്ഷ്യസ്ഥാനങ്ങളിലേക്ക് ആഴ്ചയിൽ 95 സർവീസുകൾ നടത്തുന്നുണ്ട്. കോഴിക്കോട് നിന്നും ഏറ്റവും കൂടുതൽ സർവീസുകൾ നടത്തുന്ന എയർലൈനാണ് എയർ ഇന്ത്യ എക്സ്




പ്രസ്. പുതിയ സർവീസ് ആരംഭിക്കുന്നതോടെ ബെംഗളൂരു നിവാസികൾക്ക് കോഴിക്കോട് വഴി മിഡിൽ ഈസ്റ്റിലെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് സൗകര്യപ്രദമായി എത്തിച്ചേരാനും കഴിയും.

കോഴിക്കോടിന് പുറമേ കൊച്ചിയിൽ നിന്ന് ആഴ്ചയിൽ 90 സർവീസുകൾ, തിരുവനന്തപുരത്ത് നിന്ന് 58, കണ്ണൂരിൽ നിന്ന് 52 എന്നിങ്ങനെ സർവീസ് നടത്തുന്ന എയർ ഇന്ത്യ എക്സ്പ്രസാണ് കേരളത്തിൽ നിന്ന് ഗൾഫ് റൂട്ടുകളിൽ സർവീസ് നടത്തുന്ന ഏറ്റവും വലിയ അന്താരാഷ്ട്ര എയർലൈൻ.

എയർ ഇന്ത്യ എക്സ്പ്രസ് കൊച്ചിയിൽ നിന്നും അന്താരാഷ്ട്ര സർവീസുകൾക്ക് പുറമേ ബെംഗളൂരു, ഹൈദരാബാദ്, ന്യൂഡൽഹി, എന്നിവിടങ്ങളിലേക്ക് നേരിട്ട് സർവീസുകൾ നടത്തുന്നുണ്ട്. തിരുവനന്തപുരത്ത് നിന്ന് ഗൾഫിലേക്കുള്ള വിമാനങ്ങൾക്ക് പുറമേ ബെംഗളൂരുവിലേക്കും ചെന്നൈയിലേക്കും സർവീസ് ഉണ്ട്. കൂടാതെ തിരുവനന്തപുരം കോഴിക്കോട് സർവീസും പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂരിൽ നിന്ന് 42 അന്താരാഷ്ട്ര വിമാന സർവീസുകളും ബെംഗളൂരുവിലേക്കും തിരുവനന്തപുരത്തേക്കും ആഭ്യന്തര സർവീസുമുണ്ട്.

എയർ ഇന്ത്യ എക്സ്പ്രസ് വൻ വിപുലീകരണത്തിൻറെ ഘട്ടത്തിലാണ്. ഉത്തർപ്രദേശിലെ അയോധ്യയിൽ നിന്ന് സർവീസ് ആരംഭിക്കുമെന്ന് എയർലൈൻ പ്രഖ്യാപിച്ചിട്ടുണ്ട്.

ഗ്വാളിയറിൽ നിന്ന് ദില്ലിയിലേക്കും ബെംഗളൂരുവിലേക്കും നേരിട്ട് വിമാന സർവീസുകൾ ആരംഭിക്കുകയും ചെയ്തു.

കഴിഞ്ഞ ആഴ്ച, സൂറത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ പുതിയ അന്താരാഷ്ട്ര ടെർമിനൽ ഉദ്ഘാടന ദിവസം തന്നെ ദുബായിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് നേരിട്ട് സർവീസ് നടത്തുകയും ചെയ്തു.




# ഗെയിംലോഫ്റ്റുമായി വി സഹകരണത്തിൽ

**കൊച്ചി:** മുൻനിര ടെലകോം സേവനദാതാവായ വി ആഗോള തലത്തിൽ പ്രസിദ്ധമായ മൊബൈൽ വീഡിയോ ഗെയിം ഡെവലപ്പറായ ഗെയിംലോഫ്റ്റുമായി സഹകരിച്ച് ഹൈപ്പർ കാഷ്വൽ ഗെയിമുകളുടെ വിപുലമായ നിര ലഭ്യമാക്കും. ആക്ഷൻ, അഡ്വഞ്ചർ, സ്പോർട്ട്സ്, റേസിങ് തുടങ്ങി വിവിധ വിഭാഗങ്ങളിലെ ഗെയിമുകൾ വി ഉപഭോക്താക്കൾക്ക് വി ആപ്പിലുള്ള വി ഗെയിമുകളിലൂടെ ഇതുവഴി പ്രദാനം ചെയ്യും. ഡെയ്ഞ്ചർ ഡാഷ്, ബ്ലോക്ക് ബ്രേക്കർ അൺലിമിറ്റഡ്, ലൂഡി ബബിൾസ്, ആസ്ഫാൽറ്റ് റെട്രോ തുടങ്ങി ഗെയിംലോഫ്റ്റ് ഒറിജിനലുകളും മറ്റു ജനപ്രിയ ഗെയിം ടൈറ്റിലുകളും അടക്കം നിരവധി ഗെയിമുകൾ അധിക ചെലവില്ലാതെ വി ഉപഭോക്താക്കൾക്കു ലഭിക്കാൻ ഈ സഹകരണം വഴി തുറക്കും.

വി ആപ്പിലെ വി ഗെയിം വിഭാഗത്തിലൂടെ നാവിഗേറ്റു ചെയ്ത് ഫൺ ഗെയിംസ് വിഭാഗത്തിലേക്കു പോയി വി ഉപഭോക്താക്കൾക്ക് ലളിതമായി ഈ ഗെയിമിങ് ബൊണാൻസ പ്രയോജനപ്പെടുത്താം. വി ഗെയിമുകളിലെ ഗെയിംലോഫ്റ്റ് ഓപ്ഷനുകൾ എളുപ്പത്തിലുള്ളതും ലളിതവുമായ പുതിയ അനുഭൂതി നൽകുന്നതും ലോകോത്തര ആന്റി ഫ്രോഡ് ഡിറ്റക്ഷൻ, സെക്യൂരിറ്റി സംവിധാനങ്ങൾ അടങ്ങിയതുമാണ്.

മികച്ച ഗെയിമുകൾ നൽകിക്കൊണ്ടുള്ള വിയുടെ പങ്കാളിത്തം ഉപഭോക്താക്കൾക്ക് ഈ വിഭാഗത്തിലെ ഏറ്റവും മികച്ച ഗെയിമിങ് തെരഞ്ഞെടുപ്പുകൾ പ്രദാനം ചെയ്യാനുള്ള പ്രതിബദ്ധതയാണ് ചൂണ്ടിക്കാട്ടുന്നത്. വി ഉപഭോക്താക്കൾക്ക് അതുല്യമായ ഗെയിമിങ് അനുഭവങ്ങൾ ലഭ്യമാക്കാനുള്ള പാതയിലെ നിർണായകമായ മറ്റൊരു ചുവടുവെപ്പാണ് ഈ സഹകരണം.




# സണ്ണി ഡയമണ്ട്സിൽ വജ്രാഭരണങ്ങളുടെ പ്രദർശനം ആരംഭിച്ചു

**കൊച്ചി:** ലോകത്തെ മുൻനിര വജ്രാഭരണ ബ്രാൻഡായ ഡിബിയേഴ്സ് ഫോറെവർമാർക്ക് സോളോറ്റയേഴ്സിന്റെ കണ്ണഞ്ചിപ്പിക്കുന്ന അപൂർവ്വ വജ്രാഭരണ ശേഖരങ്ങളുടെ പ്രദർശനവും വിൽപ്പനയും എറണാകുളം രാജാജി റോഡിലെ സണ്ണി ഡയമണ്ട്സിൽ ആരംഭിച്ചു.ചലച്ചിത്ര താരം ശ്രീയ ശരൺ ഉദ്ഘാടനം നിർവഹിച്ച ഈ അതിമനോഹര ഡയ്മണ്ട് ആഭരണ പ്രദർശനം ജനുവരി ഒന്നു വരെയാണ്.കൊച്ചിയിൽ ആരംഭിച്ച ഈ അതുല്യമായ ഡയമണ്ട് സോളിറ്റയർ സെലക്ഷൻ ഷോ ഉദ്ഘാടനം ചെയ്യുന്നതിനായി ഡി ഫോറെവർമാർക്കും സണ്ണി ഡയമണ്ട്സുമായി സഹകരിക്കാൻ സാധിച്ചതിൽ അഭിമാനവും സന്തോഷവും ഉണ്ടെന്ന് ശ്രീയ ശരൺ പറഞ്ഞു.

സോളിറ്ററുകളോടുള്ള താൽപര്യം വർദ്ധിച്ചു വരുന്നതാണ് പുതിയ ട്രെൻറെന്നും ജീവിതത്തിലെ അപൂർവ്വ നിമിഷങ്ങൾ ആഘോഷിക്കുന്ന വേളകളിലെ വാങ്ങലുകളായി വജ്രാഭരണങ്ങൾ മാറിയിട്ടുണ്ടെന്നും അവർ അഭിപ്രായപ്പെട്ടു.ഞങ്ങളുടെ സ്റ്റോറിൽ ഡി ബിയേഴ്സ് ഫോറെവർമാർക്കിൻറെ എക്സ്ക്ലൂസീവ് ഡയമണ്ട് സോളിറ്ററുകൾ പ്രദർശിപ്പിക്കുന്നതിൽ സണ്ണി ഡയമണ്ട്സ് അതീവ ആവേശത്തിലാണെന്ന് സണ്ണി ഡയമണ്സിൻറെ സ്ഥാപകനും എം ഡിയുമായ പി പി സണ്ണി പറഞ്ഞു.

ലോകത്തിലെ വളരെ കുറച്ച് ആഭരണങ്ങൾക്ക് മാത്രമേ ഡി ബിയേഴ്സ് ഫോറെവർമാർക്ക് ഡയമണ്ടാകാൻ അർഹതയുള്ളൂയെന്നാണ് മനസ്സിലാക്കുന്നതെന്നും അതിനാൽ ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഡയമണ്ട് ആഭരണങ്ങൾ മാത്രം നൽകാൻ ആകുമെന്ന ആത്മവിശ്വാസം ഇത് നൽകുന്നു.

ഡി ബിയേഴ്സ് ഫോറെവർമാർക്ക് സോളിറ്റയേഴ്സുമായുള്ള പങ്കാളിത്തം ഞങ്ങളുടെ ബ്രാൻഡിൻറെ വിശ്വാസത്തിൻറെയും വിശ്വാസ്യതയുടെയും സാക്ഷ്യം കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

ബ്രാൻഡിൻറെ ഏറ്റവും പ്രിയപ്പെട്ട പങ്കാളികളിലൊന്നായ സണ്ണി ഡയമണ്ട് സിൽ ഞങ്ങളുടെ തനതായ ഡയമണ്ട് സോളിറ്റയറുകളുടെ ശേഖരം പ്രദർശിപ്പിക്കുന്നത് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ഡി ബിയേഴ്സ് ഫോറെവർമാർക്ക് ഇന്ത്യയുടെ വൈസ് പ്രസിഡൻറ് അമിത് പ്രതിഹാരി പറഞ്ഞു. ഓപ്പറേഷൻസ് ഡയറക്ടർ പ്രേം സണ്ണിയും ചടങ്ങിൽ സന്നിഹിതനായിരുന്നു

# മുംബൈയെ തകർത്ത് കേരളാ ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** ഇരട്ട ഗോൾ കരുത്തിൽ മുംബൈ സിറ്റി എഫ്സിയെ നിഷ്പ്രഭമാക്കി കേരള ബ്ലാസ്റ്റേഴ്സ്. ക്രിസ്മസ് തലേന്ന് സീസണിൽ ഹോം ഗ്രൗണ്ടിൽ തോൽവിയില്ലാതെ ഏഴാം മത്സരം പൂർത്തിയാക്കിയ ബ്ലാസ്റ്റേഴ്സ് അത്രയും ജയത്തോടെ 23 പോയിന്റുമായി ടേബിളിൽ രണ്ടാം സ്ഥാനത്ത് തുടർന്നു. 12ാം മിനിറ്റിൽ ദിമിത്രിയോസ് ഡയമന്റകോസും, ആദ്യപകുതിയുടെ അധിക സമയത്ത് ക്വാമി പെപ്രയുമാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയഗോൾ നേടിയത്. ഐഎസ്എലിൽ മുംബൈ സിറ്റിക്കെതിരെ എട്ടു വർഷത്തിന് ശേഷമാണ് ബ്ലാസ്റ്റേഴ്സ് ജയം. വിജയകുതിപ്പ് തുടരുന്ന ബ്ലാസ്റ്റേഴ്സ് 27ന് കൊൽക്കത്തയിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും. ഗോവക്കൊപ്പം തുല്യ പോയിന്റാണെങ്കിലും ഗോൾ വ്യത്യാസത്തിലെ കുറവാണ് ബ്ലാസ്റ്റേഴ്സിനെ രണ്ടാം പടിയിലാക്കിയത്.




നിറഞ്ഞ ഗ്യാലറിക്ക് മുന്നിൽ കളിക്കാനിറങ്ങിയ ബ്ലാസ്റ്റേഴ്സിന് രണ്ടാം മിനിറ്റിൽ തന്നെ ആദ്യാവസരം കൈവന്നു. ബോക്സിന്റെ അറ്റത്ത് മുംബൈ പ്രതിരോധ താരത്തെ കീഴ്പ്പെടുത്തി രാഹുൽ പന്ത് കാൽക്കലാക്കിയെങ്കിലും ഷോട്ട് പുറത്തെ നെറ്റിൽ പതിച്ചു. മുംബൈ ലോങ്ബോൾ പരീക്ഷിച്ചു. കളി തുടങ്ങി 12 മിനിറ്റിനുള്ളിൽ ബ്ലാസ്റ്റേഴ്സ് സമനില പൂട്ട് പൊട്ടിച്ച് സ്റ്റേഡിയത്തെ പ്രകമ്പനം കൊള്ളിച്ചു. ഇടതുപാർശ്വത്തിൽ പന്തുമായി മുന്നേറിയ പെപ്ര, ബോക്സിൽ ഡയമന്റകോസിനെ ലക്ഷ്യമാക്കി മനോഹരമായൊരു ലോ ക്രോസ് നൽകി. മുംബൈ താരങ്ങൾ പ്രതിരോധിക്കും മുമ്പേ ഡയമന്റകോസ് പന്ത് കാലിൽ കൊരുത്തു, ഗോൾ ഏരിയയിൽ കയറി വലതുകാൽ ഗ്രൗണ്ടിലേക്ക് നീട്ടിയുള്ള ഷോട്ടിൽ ഗോളി ഫുർബ ലചെൻപയും, ജയേഷ് റാണയും കാഴ്ച്ചക്കാരായി. ആദ്യഗോളിൽ ഗ്യാലറിയിൽ ആനന്ദനൃത്തം നിറഞ്ഞു.

ക്യാപ്റ്റനും പ്രതിരോധത്തിലെ കരുത്തനുമായ ഗ്രിഫിത്ത്സ് പരിക്കിനെ തുടർന്ന് കളത്തിന് പുറത്ത് പോയത് മുംബൈ തുടക്കത്തിലെ മറ്റൊരു തിരിച്ചടിയായി. ഡച്ച് താരം അബ്ദനാസർ എൽഖയാത്തി ആയിരുന്നു പകരക്കാരൻ. കളിയുടെ പൂർണ നിയന്ത്രണം ബ്ലാസ്റ്റേഴ്സിനായി, മുംബൈ ഒറ്റപ്പെട്ട ആക്രമണങ്ങൾ നടത്തി. വിബിന്റെ ഫ്രീകിക്കിലൂടെ ലീഡുയർത്താനുള്ള ഡാനിഷ് ഫാറൂഖിന്റെ ശ്രമം ഫലം കണ്ടില്ല. 22ാം മിനിറ്റിൽ ജയേഷ് റാണയുടെ ബുള്ളറ്റ് ഷോട്ടിൽ മുംബൈ സമനില പിടിക്കുമെന്ന് തോന്നിച്ചു. സച്ചിൻ സുരേഷിനെ കീഴ്പ്പെടുത്തിയെങ്കിലും, പന്ത് ലക്ഷ്യം തൊടാതെ പാഞ്ഞു. ചാങ്തെയ്ക്കും പെരേര ഡയസിനും ബ്ലാസ്റ്റേഴ്സ് പ്രതിരോധം പൂട്ടിട്ടു, നാല് മുൻനിര താരങ്ങളുടെ അഭാവം മുംബൈ നിരയിൽ പ്രകടമായി. ജയേഷ് റാണയുടെ പന്ത് ക്ലിയർ ചെയ്യുന്നതിനിടെ വിബിന് പരിക്കേറ്റു, അസഹർ പകരക്കാരനായി എത്തി. ആദ്യ പകുതിയുടെ അവസാന മിനിറ്റുകളിൽ മുംബൈ ലോ ക്രോസുകളിലൂടെ ഒപ്പമെത്താൻ ശ്രമിച്ചു, ബ്ലാസ്റ്റേഴ്സ് പ്രതിരോധം പതറാതെ നിന്നു. ബോക്സിന് തൊട്ടുപുറത്ത് നിന്ന് ലഭിച്ച ഫ്രീകിക്ക് മുതലെടുക്കാനും സന്ദർശകർക്കായില്ല. മറുഭാഗത്ത് ക്ലോസ് റേഞ്ചിൽ നിന്നുള്ളൊരു ലീഡ് അവസരം രാഹുലിലൂടെ ബ്ലാസ്റ്റേഴ്സും പാഴാക്കിയതിന് പിന്നാലെ ഡയമന്റകോസും പെപ്രയും ചേർന്ന് നടത്തിയ ശ്രമം ഗോളിൽ കലാശിച്ചു. ബോക്സിനകത്തെ ചെറുനീക്കങ്ങൾക്ക് ശേഷം, വലങ്കാൽ കൊണ്ട് പെപ്ര തൊടുത്ത നിലംപറ്റെയുള്ള ഷോട്ട്, മുംബൈ പ്രതിരോധതാരത്തിന്റെ കാലുകൾക്കിടയിലൂടെ വലയുടെ ഇടതുമൂലയിൽ പതിച്ചു.

51ാം മിനിറ്റിൽ അയ്മന്റെ മനോഹരമായൊരു ഷോട്ട് വാൽപൂയ കോർണർ കിക്കിന് വഴങ്ങി തടഞ്ഞു. മുംബൈ തിരിച്ചടിക്ക് കോപ്പുകൂട്ടി. 67ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സിന് വീണ്ടും ലീഡുയർത്താൻ അവസരം. മൈതാനമധ്യത്ത് നിന്ന് ലഭിച്ച പന്തുമായി മുംബൈ പ്രതിരോധനിരയെ മറികടന്ന് ബോക്സിലെത്തിയ പെപ്ര, ലക്ഷ്യത്തിലേക്ക് പന്ത് തൊടുത്തെങ്കിലും അതേ മികവോടെ ഫൂർബ ലചെൻപ തടഞ്ഞിട്ടു. തൊട്ടടുത്ത നിമിഷത്തിൽ, ചാങ്തെയുടെ മികച്ചൊരു ശ്രമം ലെസ്കോവിച്ചും വിഫലമാക്കി. പെരേര ഡയസിനെ പൂട്ടാനുള്ള തന്ത്രം ബ്ലാസ്റ്റേഴ്സ് വിജയകരമായി പരീക്ഷിച്ചു.

മുംബൈക്കെതിരെ ഒരേയൊരു മാറ്റം മാത്രമാണ് ബ്ലാസ്റ്റേഴ്സ് വരുത്തിയത്. സസ്പെൻഷൻ കഴിഞ്ഞ ഡാനിഷ് ഫാറൂഖ് ടീമിൽ തിരിച്ചെത്തി, പഞ്ചാബിനെതിരെ കളിച്ച മുഹമ്മദ് അസ്ഹർ പകരക്കാരനായി. ക്യാപ്റ്റൻ മാർകോ ലെസ്കോവിച്ചിനൊപ്പം മിലോസ് ഡ്രിൻസിച്ച്, പ്രീതം കോട്ടാൽ, നവോച്ച സിങ് എന്നിവർ പ്രതിരോധത്തിൽ. ഡാനിഷ് ഫാറൂഖിന് പുറമേ മലയാളി താരങ്ങളായ രാഹുൽ കെ.പി, വിബിൻ മോഹനൻ, മുഹമ്മദ് അയ്മെൻ എന്നിവർക്കായിരുന്നു മധ്യനിരയിൽ ചുമതല. മുന്നേറ്റത്തിൽ ഡയമന്റകോസ് ദിമിത്രിയോസും ക്വാമെ പെപ്രയും തുടർന്നു. തുടർച്ചയായ 11ാം മത്സരത്തിലും ഗോൾവല കാത്തത് സച്ചിൻ സുരേഷ്



# എൽ.ജഗദമ്മ ഏഴാംക്ലാസ്സ് ബി സ്റ്റേറ്റ് ഫസ്റ്റ് കൊട്ടാരക്കരയിൽ

എവർസ്റ്റാർ ഇന്ത്യൻസിന്റെ ബാനറിൽ ഉർവശി, ഫോസിൽ ഹോൾഡിംഗ്സ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന എൽ. ജഗദമ്മ എഴാം ക്ലാസ് ബിസ്റ്റേറ്റ് ഫസ്റ്റ് എന്ന ചിത്രത്തിന്റെ ചിത്രീകരണം കൊട്ടാരക്കരയിൽ ആരംഭിച്ചു.

ഗണേഷ് കുമാർ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചപ്പോൾ ഉർവ്വശി ,തിരക്കഥാകൃത്ത് സജീവ് പാഴൂർ എന്നിവർ ചേർന്ന് ആദ്യ ക്ലാപ്പടിച്ചു.ഉർവ്വശിയുടെ ഭർത്താവായ ശിവാസ് (ശിവപ്രസാദ്) കഥ തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ടൈറ്റിൽ കഥാപാത്രമായ ജഗദമ്മയെ ഉർവ്വശി അവതരിപ്പിക്കുന്നു. സിനിമയുടെ പേരിലെ കൗതുകവും ഉർവ്വശിയുടെ കഥാപാത്രവും തന്നെയാണ് ഈ ചിത്രത്തിന്റെ പ്രധാന ആകർഷണ ഘടകം.അതു കൊണ്ടു തന്നെ കഥയുടെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

സ്ത്രീ കഥാപാത്രങ്ങൾക്ക് ഏറേ പ്രാധാന്യം നല്കി അവരുടെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ അവതരിപ്പിക്കുന്ന ഒരു സ്ത്രീപക്ഷ സിനിമയാണ് എൽ ജഗദ്മ്മ ഏഴാം ക്ലാസ്സ് ബി സ്റ്റേറ്റ് ഫസ്റ്റ് .കലേഷ് രാമാനന്ദ്, ബാലചന്ദ്രൻ ചുള്ളിക്കാട്,രാജേഷ് ശർമ്മ,കിഷോർ, നോബി,വി കെ ബൈജു,രശ്മി അനിൽ, ശൈലജ അമ്പു, ജിബിൻ ഗോപിനാഥ്, അഞ്ജലി സത്യനാഥ്, എന്നിവരോടൊപ്പം അമ്പതിലധികം പുതുമുഖങ്ങൾ ശ്രദ്ധേയമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നു.അനിൽ നായർ ഛായാഗ്രഹണം നിർവഹിക്കുന്നു.അൻവർ അലി എഴുതിയ വരികൾക്ക് കൈലാസ് മേനോൻ സംഗീതം പകരുന്നു. എഡിറ്റിംഗ് ഷൈജൽ പ്രൊഡക്ഷൻ കൺട്രോളർഷാഫി ചെമ്മാട്,ചീഫ് അസോസ്സിയേറ്റ് ഡയറക്ടർറെജിവാൻ അബ്ദുൽ ബഷീർ, കലാസംവിധാനം രാജേഷ് മേനോൻ,കോസ്റ്റ്യൂംസ്കുമാർ എടപ്പാൾ,മേക്കപ്പ് ഹസ്സൻ വണ്ടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ശ്രീക്കുട്ടൻ ധനേശൻ, പ്രൊഡക്ഷൻ മാനേജർ ആദർശ് സുന്ദർ,സ്റ്റിൽസ്നന്ദു ഗോപാലകൃഷ്ണൻ, അസോസിയേറ്റ് ഡയറക്ടർമുകേഷ്,സക്കീർഹുസൈൻ,അസിസ്റ്റന്റ് ഡയറക്ടർവിഷ്ണു വിശിക,ഷോൺ സോണി,പോസ്റ്റർ ഡിസൈനിംഗ് ജയറാം രാമചന്ദ്രൻ, പി ആർ ഒഎ എസ് ദിനേശ്.

# ഗോളം




രഞ്ജിത്ത് സജീവ്,ദിലീഷ് പോത്തൻ എന്നിവരെ പ്രധാന കഥാപാത്രമാക്കി നവാഗതനായ സംജാദ് സംവിധാനം ചെയ്യുന്ന ഗോളംഎന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.

ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസിന്റെ ബാനറിൽ ആൻ, സജീവ് എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിൽസിദ്ദിഖ്,അലൻസിയർ,ചിന്നു ചാന്ദിനി,അൻസിൽ പള്ളുരുത്തി, കാർത്തിക് ശങ്കർ, ഹാരിസ് തുടങ്ങിയ പ്രധാന താരങ്ങൾക്കൊപ്പം പതിനേഴോളം പുതുമുഖ താരങ്ങളും അഭിനയിക്കുന്നു സസ്പെൻസ് മിസ്റ്ററി ത്രില്ലറായി ഒരുക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം പ്രവീൺ വിശ്വനാഥ്, സംജാദ് എന്നിവർ ചേർന്ന് എഴുതുന്നു. മികച്ച വസ്ത്രാലങ്കാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവ് മഞ്ജുഷ രാധാകൃഷ്ണനാണ് ഗോളത്തിന്റെ വസ്ത്രാലങ്കാരം നിർവഹിക്കുന്നത്. ഇരട്ടയിലൂടെ ശ്രദ്ധേനായ വിജയ് കൃഷ്ണൻ ഛായാഗ്രഹണം നിർവഹിക്കുന്നു. സംഗീത സംവിധാനവുംപശ്ചാത്തല സംഗീതവും എബി സാൽവിൻ തോമസ് നിർവഹിക്കുന്നു. എക്സിക്യൂട്ടിവ് പ്രൊഡ്യൂസർഉദയ് രാമചന്ദ്രൻ,പ്രൊഡക്ഷൻ കൺട്രോളർജിനു പി കെ,കലാ സംവിധാനം നിമേഷ് താനൂർ, മേക്കപ്പ്രഞ്ജിത്ത് മണാലിപറമ്പിൽ , കാസ്റ്റിംഗ് ഡയറക്ടർ ആക്ടർ ബിനോയ് നമ്പാല,സ്റ്റിൽസ്ജസ്റ്റിൻ വർഗീസ് ,ശബ്ദമിശ്രണംവിഷ്ണു ഗോവിന്ദ്.വൈക്കം, എറണാകുളം ഭാഗങ്ങളിലായി ചിത്രീകരണം പൂർത്തിയാകുന്ന ഗോളം ജനുവരി 26 ന് തിയറ്ററുകളിലെത്തും.പി ആർ ഒഎ എസ് ദിനേശ്.

# കുറിഞ്ഞി




ശ്രീ മൂകാംബിക കമ്മ്യൂണിക്കേഷൻസിന്റെ ബാനറിൽ നിർമ്മിച്ച് ഗിരീഷ് കുന്നുമ്മൽ സംവിധാനം ചെയ്യുന്ന കുറിഞ്ഞി എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. പ്രകാശ് വാടിക്കൽ,ഡോക്ടർ ഷിബു ജയരാജ്,പ്രകാശ് ചെങ്ങൽ,ശ്യാം കോഴിക്കോട്,അശ്വിൻ വാസുദേവ്, കെ കെ ചന്ദ്രൻപുൽപ്പള്ളി,എൽദോ,ലൗജേഷ്,സുരേഷ്,മനോജ്,രചന രവി,കുള്ളിയമ്മ,ആവണി ആവൂസ്,വിനീതാ ദാസ്, ലേഖനായർ,ലിസി ബത്തേരി,രാഖി അനു, ബാലതാരങ്ങളായ മാളവിക ജിതേഷ്, സമജ്ഞ രഞ്ജിത്, എന്നിവരാണ് ഈ ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ.

വേരുശിൽപം നിർമ്മിച്ചുംകൃഷിപ്പണി നടത്തിയും ജീവിച്ചു പോന്ന പണിയ കോളനിയിലെ മാതന്റെയും സുഹൃത്ത് വെള്ളന്റെയും കുടുംബങ്ങളിലെ അംഗങ്ങളുടെയും അവർ ബന്ധം പുലർത്തുന്ന മറ്റു പൊതു വിഭാഗങ്ങളുടെയും ജീവിത മുഹൂർത്തങ്ങൾ, ആദിവാസി ഗോത്ര സമൂഹമായ പണിയ വിഭാഗത്തിന്റെ പശ്ചാത്തലത്തിൽനല്ലൊരു കാടകത്തിന്റെ കഥ കൂടി പറയുന്ന ചിത്രമാണ് കുറിഞ്ഞി.സിനിമയിലെ ഏറെക്കുറെ കഥാപാത്രങ്ങൾ ഗോത്ര സമൂഹത്തിൽ നിന്ന് തന്നെയാണെന്ന പ്രത്യേകത കൂടി ഈ സിനിമയ്ക്കുണ്ട്.

ഗോത്ര ഗായികഅനിഷിത വാസു ഇതിൽ ഗായികയായും കഥാപാത്രമായുമെത്തുന്നു.ഛായാഗ്രഹണംജിതേഷ് സി ആദിത്യ, എഡിറ്റിംഗ്രാഹുൽ ക്ലബ്ഡേ,ഗാനരചനപ്രമോദ് കാപ്പാട്,സംഗീതംഡോക്ടർ കാഞ്ഞങ്ങാട് രാമചന്ദ്രൻ,ആലാപനംദേവനന്ദ ഗിരീഷ്,അനിഷിതവാസു,ഡോക്ടർ ഷിബു ജയരാജ്,രചനപ്രകാശ് വാടിക്കൽ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഎസ് ആർ നായർഅമ്പലപ്പുഴ,പശ്ചാത്തല സംഗീതം: പണ്ഡിറ്റ് രമേഷ് നാരായണൻ, പ്രൊജക്റ്റ് ഡിസൈനർകെ മോഹൻ ( സെവൻ ആർട്സ് )സ്റ്റിൽസ് ബാലു ബത്തേരി,

പ്രൊഡക്ഷൻ കൺട്രോളർഎ കെ ശ്രീജയൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്എൽദോ,മേക്കപ്പ്ഒ മോഹൻ കയറ്റിൽ,വസ്ത്രാലങ്കാരംലൗജീഷ്,കലാസംവിധാനംഅൻസാർ ജാസ, സംവിധാന സഹായികൾസുരേഷ്,അനീഷ് ഭാസ്കർ, രചന രവി,സ്റ്റുഡിയോലാൽ മീഡിയപരസ്യകലമനു ഡാവിഞ്ചി.

വയനാട്, സുൽത്താൻബത്തേരി, അമ്പലവയൽ, ചീരാൽ എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയായ കുറിഞ്ഞി ജനുവരിയിൽ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.

# ചിത്തിനി

ഈസ്റ്റ് കോസ്റ്റ് കമ്മ്യൂണിക്കേഷൻസിന്റെ ബാനറിൽ ഈസ്റ്റ് കോസ്റ്റ് വിജയൻ തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന ചിത്തിനി എന്ന ഹൊറർ ഫാമിലി ഇമോഷണൽ ത്രില്ലർ ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, ചലച്ചിത്ര താരം സുരേഷ് ഗോപി തന്റെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.





കുടുംബ പ്രേക്ഷകരുടെ ഇഷ്ടനടനായ അമിത് ചക്കാലക്കൽ,വിനയ് ഫോർട്ട് എന്നിവർ നായകന്മാരാവുന്ന ഈ ചിത്രത്തിൽ കള്ളനും ഭഗവതിയും എന്ന ചിത്രത്തിൽ ദേവിയായി പ്രേക്ഷകരെ വിസ്മയിപ്പിച്ച ബംഗാളി താരം മോക്ഷ നായികയാവുന്നു.

ജോണി ആന്റണി, ജോയ് മാത്യൂ, സുധീഷ്, ശ്രീകാന്ത് മുരളി, ജയകൃഷ്ണൻ, മണികണ്ഠൻ ആചാരി, സുജിത്ത് ശങ്കർ,പ്രമോദ് വെളിയനാട്, രാജേഷ് ശർമ്മ, ഉണ്ണി രാജ, അനൂപ് ശിവസേവൻ, കൂട്ടിക്കൽ ജയചന്ദ്രൻ, ജിബിൻ ഗോപിനാഥ്, ജിതിൻ ബാബു, പൗളി വത്സൻ തുടങ്ങിയ പ്രമുഖ താരങ്ങൾക്കൊപ്പം പുതുമുഖങ്ങളായ ആരതി നായർ ബംഗാളി താരം എനാക്ഷി എന്നിവരും അഭിനയിക്കുന്നു.

# മാന്യവർ വിവാഹം കളക്ഷൻ പുറത്തിറക്കി

**കൊച്ചി:** പുരുഷന്മാരുടെ വിവാഹ വസ്ത്രങ്ങളുടെ ഇന്ത്യയിലെ മുൻനിര വിതരണക്കാരായ മാന്യവർ തങ്ങളുടെ പുതിയ ശേഖരമായ വിവാഹം കളക്ഷൻസ് പുറത്തിറക്കി. പഞ്ചകച്ചം, വേഷ്ടി എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഈ പുതിയ കളക്ഷൻ ദക്ഷിണേന്ത്യൻ വിപണികളെ ലക്ഷ്യമാക്കിയാണ് ഇറക്കിയിട്ടുള്ളത്. മാന്യവർ ബ്രാൻഡ് അംബാസഡർ രാം ചരൺ ആണ് പുതിയ കളക്ഷൻ പുറത്തിറക്കിയത്.




ഇതിന്റെ ഭാഗമായി തയ്യാർഹോകർ ആയിയെയുടെ ബാനറിൽ മാന്യവർ ഒരു ആകർഷകമായ പ്രചാരണ ചിത്രവും പുറത്തിറക്കി. രാം ചരണും പ്രമുഖ അഭിനേത്രി ശോഭിത ധൂലിപാലയുമാണ് ഈ പരസ്യ ചിത്രത്തിൽ അഭിനയിക്കുന്നത്.ഹൃദയത്തിൽ നിന്ന് പറഞ്ഞാൽ, വിവാഹം ശേഖരം ദക്ഷിണേന്ത്യൻ പൈതൃകത്തിന്റെയും കൃപയുടെയും സത്തയെ ഉൾക്കൊള്ളുന്നു, അതിന്റെ ഘടനയിൽ നെയ്തെടുത്ത അപാരമായ സാംസ്കാരിക പ്രാധാന്യവുമായി പ്രതിധ്വനിക്കുന്നു. എനിക്ക് മാന്യവരോട് അഗാധമായ ആരാധനയുണ്ട്, അവരുടെ പ്രചാരണങ്ങളിൽ ഞാൻ പൂർണ്ണമായും ആസ്വദിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇത് നമ്മുടെ പ്രിയങ്കരമായ പാരമ്പര്യങ്ങൾക്കും അതിന്റെ പിന്നിലെ കലാവൈഭവത്തിനും ദക്ഷിണേന്ത്യൻ വസ്ത്രങ്ങളുടെ എക്കാലത്തെയും ആകർഷണീയതയ്ക്കും ഒരു ബഹുമാനസൂചകം കൂടിയാണ്. തന്റെ ആവേശം പ്രകടിപ്പിച്ച് രാം ചരൺ പങ്കുവെച്ചു.

# വൈദ്യുതോത്പാദനം കൂട്ടി, മലങ്കരയിൽ ജലനിരപ്പുയർന്നു

**തൊടുപുഴ:** മൂലമറ്റം പവർ ഹൗസിൽ വൈദ്യുതോത്പാദനം കൂട്ടിയതോടെ മലങ്കര ജലാശയത്തിൽ ജലനിരപ്പുയർന്നു. നേരത്തേ ജലനിരപ്പ് ആശങ്കാജനകമായി താഴ്ന്നതോടെ നൂറോളം കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായിരുന്നു. നിലവിൽ രാത്രിയിൽ മൂന്നു ജനറേറ്ററും പകൽ രണ്ടു ജനറേറ്ററുമാണ് പ്രവർത്തിപ്പിക്കുന്നത്. മലങ്കര ജലാശയത്തിലും തൊടുപുഴയാറിലും ജലനിരപ്പ് താഴ്ന്നതോടെയാണ് കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥയെത്തിയത്.



വൈദ്യുതോത്പാദനം വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് എംവിഐപി എക്സിക്യൂട്ടീവ് എൻജിനിയർ കളമശേരിയിലെ വൈദ്യുതി ബോർഡിൻറെ ലോഡ് ഡെസ്പാച്ച് സെൻററിന് കത്തു നൽകിയിരുന്നു. ജലനിരപ്പ് താഴുന്നത് കുടിവെള്ള വിതരണ പദ്ധതികളുടെ പ്രവർത്തനം സ്തംഭിക്കാനിടയാക്കുമെന്ന് ദീപിക നേരത്തേ റിപ്പോർട്ട് ചെയ്തിരു ന്നു. വ്യാഴാഴ്ച രാത്രി മുതലാണ് മൂന്നു ജനറേറ്ററുകൾ പ്രവർത്തിപ്പിച്ചത്. പകൽ രണ്ടു ജനറേറ്ററും ഇപ്പോൾ പ്രവർത്തിപ്പിക്കുന്നുണ്ട്.

നേരത്തേ മൂലമറ്റം പവർ ഹൗസിൽ നിന്നുള്ള വൈദ്യുതോത്പാദനം ഗണ്യമായി കുറച്ചതാണ് മലങ്കരയിലെ വെള്ളത്തിൻറെ അളവ് ക്രമാതീതമായി താഴാനിടയാക്കിയത്.

മഴയുടെ തോത് കുറഞ്ഞതും ജലാശയത്തിലെ ജലനിരപ്പ് താഴാനിടയാക്കി. മൂലമറ്റം പവർഹൗസിനു പുറമേ മലങ്കരയിലും വൈദ്യുതോത്പാദനം വർധിപ്പിച്ചിട്ടുണ്ട്.

# ഇബസ് മെഷീൻ സ്ഥാപിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് നെഞ്ചുരോഗ വിഭാഗത്തിൽ ഇബസ് മെഷീൻ സൗകര്യം.പലതരത്തിലുള്ള നെഞ്ചുരോഗങ്ങളെ വളരെ കൃത്യതയോടെ നിർണ്ണയിക്കാൻ ഈ മെഷീൻ വഴി സാധിക്കും.

ശ്വാസക്കുഴലുകൾക്ക് ഉള്ളിലുള്ള മുഴകൾ സാധാരണ എൻഡോസ്കോപ്പ് മുഖേന പരിശോധിക്കുവാൻ കഴിയും. എന്നാൽ ശ്വാസക്കുഴലുകൾക്ക് പുറമെ സ്ഥിതിചെയ്യുന്ന ക്യാൻസർ മുഴകൾ, ലസിതാ ഗ്രന്ഥികൾ എന്നിവ കണ്ടെത്തുന്നതിന് ഈ മെഷീനിലുള്ള എൻഡോസ്കോപ്പിന്റെ അഗ്രഭാഗത്ത് ഘടിപ്പിച്ചിരിക്കുന്ന അൾട്രാ സൗണ്ട് പ്രൊസസ്സർ ഉപയോഗിച്ച് കണ്ടെത്തുന്നതിനും, പ്രത്യേക സൂചി ഉപയോഗിച്ച് കുത്തിയെടുത്ത് പരിശോധിച്ചു രോഗം നിർണ്ണയിക്കുന്നതിനും കഴിയും.

കൂടാതെ നെഞ്ചിനകത്തെ കാരിനക്ക് സമീപമുള്ള മെഡിയസ്റ്റൈനൽ നോഡുകൾ തിരഞ്ഞെടുക്കുന്നതിനും ശ്വാസകോശ ക്യാൻസർ നിർണയിക്കുന്നതിനും സ്റ്റേജിംഗ് നടത്തുന്നതിനും ടി. ബി, സർക്കോയ്ഡസിസ് രോഗങ്ങൾ എന്നിവ നിർണയിക്കുന്നതിനും കഴിയും എന്നതാണ് മെഷീന്റെ പ്രത്യേകത.

സ്വകാര്യ ആശുപത്രികളിൽ മുപ്പതിനായിരം രൂപയോളം ആവശ്യമുള്ള ഈ അതി നൂതന സാങ്കേതിക പരിശോധനയാണ് മെഡിക്കൽ കോളേജ് സാധാരണ ജനങ്ങളിലേക്ക് എത്തിച്ചിരിക്കുന്നത്. പ്ലാൻ ഫണ്ടിൽ നിന്നും 1.9 കോടി രൂപ ചെലവിട്ടാണ് ഈ മെഷീൻ സ്ഥാപിച്ചിട്ടുള്ളത്.

# തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി

**കൊച്ചി:** തൃക്കാക്കര നഗരസഭയുടെ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി അസാപുമായി ചേർന്ന് വനിതകൾക്കായി വിവിധ നൈപുണ്യ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. എസ്.സി/എസ്ടി വിഭാഗത്തിന് സൗജന്യമായിരിക്കും. മറ്റ് വിഭാഗങ്ങൾക്ക് 75 ശതമാനം സ്കോളർഷിപ്പ് നൽകും. ജിഎസ്ടി യൂസിങ് ടാലി, വി.ആർ ഡെവലപ്പർ, ഡിജിറ്റൽ മാർക്കറ്റിംഗ്, ഫിറ്റ്നെസ് ട്രെയിനർ, ജനറൽ ഡ്യൂട്ടി അസസ്മെന്റ്, ഹൈഡ്രോപോണിക്സ് ഗാർഡ്നർ എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്.അപേക്ഷകർ നഗരസഭയിൽ സ്ഥിരതാമസമുള്ളവരും 18നും 59നും ഇടയിൽ പ്രായമുള്ളവരും വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ താഴെയുള്ളവരുമായിരിക്കണം. ബയോഡാറ്റ ഡിസംബർ 28ന് മുൻപ് നഗരസഭയിലെ സംരംഭക ഹെൽപ്പ് ഡെസ്കിൽ സമർപ്പിക്കണം. ഫോൺ : 9400180520, 9188127104

# നൈപുണ്യ പരിശീലനം

**കൊച്ചി:** തൃക്കാക്കര നഗരസഭയിലെ വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും, വയോജനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസ നൈപുണ്യ വികസനം യാഥാർഥ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പരിപാടികൾ 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നഗരസഭ പരിധിയിലുള്ള വനിതകൾക്ക് തൊഴിൽ പരിശീലനം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നൈപുണ്യ പരിശീലന സ്ഥാപനമായ അസാപ് കേരളയിലൂടെ നൽകും.

**കോഴ്സുകൾ:** വി. ആർ ഡെവലപ്പർ : അത്യാധുനിക വെർച്വൽ റിയാലിറ്റി മേഖലയിൽ ഒരു 3ഉ വെർചൽ ലോകം വികസിപ്പിക്കാനുള്ള പരിശീലനമാണ് ഈ കോഴ്സിലൂടെ നൽകുന്നത്. 200 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ +2 പാസായവർക്ക് പങ്കെടുക്കാം. ആകെ 15 പേർക്കാണ് പരിശീലനം ലഭിക്കുക.

**ഡിജിറ്റൽ മാർക്കറ്റിംഗ്** : ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ അനിവാര്യമായ ഡിജിറ്റൽ മാർക്കറ്റിംഗ് ടൂളുകൾ ഉൾക്കൊള്ളുന്ന പരിശീലനമാണ് കോഴ്സിൽ നൽകുന്നത്. 175 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ +2 പാസ്സായവർക്ക് പങ്കെടുക്കാം.

ജി. എസ്. ടി യൂസിങ് ടാലി : ജിഎസ്ടിയുടെ അടിസ്ഥാന കാര്യങ്ങൾ മുതൽ ടാലി ഉപയോഗിച്ചുള്ള ജിഎസ്ടിയുടെ പ്രാക്ടിക്കലുകൾ വരെയുള്ള മൊഡ്യൂളുകളാണ് കോഴ്സിൽ പരിശീലനം നൽകുന്നത്. 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ അവസാന വർഷ കോമേഴ്സ് ബിരുദ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

**ഫിറ്റ്നസ് ട്രെയിനർ :** ഫിറ്റ്നസ് മേഖലയിൽ താല്പര്യമുള്ളവർക്ക് ഒരു പുതിയ കരിയർ കണ്ടെത്തുവാനും നിലവിൽ ജിം ട്രെയിനർ ആയി പ്രവർത്തിക്കുന്നവർക്കു സെർട്ടിഫൈഡ് ട്രെയിനർ ആകാനുള്ള അവസരവും കോഴ്സിലൂടെ ലഭിക്കുന്നു. 300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ +2 പാസ്സാവർക്ക് പങ്കെടുക്കാം.

**ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് :** ഹോസ്പിറ്റലുകളിൽ സഹായിയായി ജോലി ചെയ്യാനുള്ള പരിശീലനം നൽകുന്ന കോഴ്സാണ് ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്. ഹോസ്പിറ്റലിൽ നടക്കുന്ന ഇന്റേൺഷിപ് ഉൾപ്പെടെ ആണ് പരിശീലനം നൽകുന്നത്. 300 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ ടടഘഇ പാസ്സാവർക്ക് പങ്കെടുക്കാം.

**ഹൈഡ്രോപോണിക്സ് ഗാർഡ്നർ :** പുത്തൻ കൃഷി രീതിയായ ഹൈഡ്രോപോണിക്സിലാണ് പരിശീലനമാണ് നൽകുന്നത്. കൃഷിക്ക് ആവശ്യമായ കിറ്റും നടീൽവിത്തുകളും ഇതോടൊപ്പം നൽകും. 100 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ താല്പര്യമുള്ളവർക്ക് ആർക്കും പങ്കെടുക്കാം.

കോഴ്സുകളുടെ വിശദ വിവരങ്ങൾക്ക് തൃക്കാക്കര നഗരസഭ വ്യവസായ ഓഫീസുമായോ, കളമശ്ശേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന, അസാപിന്റെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായോ ബന്ധപ്പെടാവുന്നതാണ്. വിളിക്കേണ്ട ഫോൺ നമ്പർ 9995618202/ 8848179814 / 97785 98336 / 04712772562 കോഴ്സുകളുടെ മറ്റു വിശദാംശങ്ങൾ www.asapkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# തൊഴിൽ പരിശീലനം

**കൊച്ചി:** ജില്ലയിലെ ത്രിതല പഞ്ചായത്ത് എൽ എസ് ജി ഡി ഓഫീസുകളിൽ ബിടെക്/ഡിപ്ലോമ സിവിൽ എൻജിനീയറിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതീ യുവാക്കളെ ഒരു വർഷത്തേക്ക് പരിശീലനത്തിനായി നിയോഗിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 18 നും 40 നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ അതാത് ഗ്രാമ പഞ്ചായത്ത് എസ്. സി. പ്രൊമോട്ടർമാരുമായോ ജില്ലാ പട്ടികജാതി വികസന ഓഫീസുമായോ ബന്ധപ്പെടുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 30. ഫോൺ: 0484 2952256

# തൊഴിൽ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പ് ബി.എസ്. സി. നേഴ്സിംഗ്, ജനറൽ നേഴ്സിംഗ്, പാരാമെഡിക്കൽ, പോളിടെക്നിക്, ഐ ടി ഐ യോഗ്യതയുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് ഒരു വർഷത്തേക്ക് പരിശീലനം നൽകുന്നു. ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലും ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ആലുവ ജില്ലാ ആശുപത്രി, കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രി, പുല്ലേപ്പടി ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലാണ് പരിശീലനം നൽകുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 18 നും 40 നും മദ്ധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ അതാത് ഗ്രാമ പഞ്ചായത്ത് എസ് സി പ്രൊമോട്ടർമാരുമായോ ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായോ ബന്ധപ്പെടുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 30. ഫോൺ : 0484 2952256.

# ഉദ്ഘാടനം ചെയ്തു

**കുന്നംകുളം:** നഗരസഭയിലെ 32ാം വാർഡിൽ കെ സ്റ്റോർ പ്രവർത്തനമാരംഭിച്ചു. എ.സി മൊയ്തീൻ എംഎൽഎ കെ സ്റ്റോർ ഉദ്ഘാടനം ചെയ്തു.
അഞ്ഞൂർ റേഷൻ കട പരിസരത്ത് നടന്ന ചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ അധ്യക്ഷയായി.

# നൊമാഡിക് ആർക്കൈവ് ഏകാംഗ കലാപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന അബ്ദുള്ള പി.എ യുടെ നൊമാഡിക് ആർക്കൈവ് ഏകാംഗ കലാപ്രദർശനം ഇന്ന് വൈകുന്നേരം 5 മണിക്ക് അക്കാദമിയുടെ എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിൽ ആരംഭിക്കുന്നു.

കേരള ലളിതകലാ അക്കാദമിയുടെ 2022-23ലെ സമകാലിക ഏകാംഗ കലാപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. ഇന്ന് വൈകുന്നേരം 5 മണിക്ക് പ്രദർശനത്തിന്റെ ആരംഭവും കാഴ്ചാമൊഴിയും നടക്കും. കലാനിരൂപകനായ സുധീഷ് കോട്ടേമ്പ്രമാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.കണ്ടിട്ടും കാണാതെ പോകുന്ന എത്രയോ വസ്തുക്കൾക്കിടയിലാണ് നമ്മുടെ ദൈനംദിന ജീവിതം മനുഷ്യേതരമായ ലോകത്തോടുള്ള സംവാദാത്മക ബന്ധം സമകാലിക കലയിലെ ഏറ്റവും ശക്തമായ ഒരു പ്രമേയമാണ്. പാരിസ്ഥിക കലയോ സ്ഥലസമയ പ്രധാനമായ കലയോ ആവട്ടെ, അവയിലെല്ലാം തിരിച്ചുവരുന്ന വസ്തുലോകത്തിന്റെ സാന്നിധ്യം കാണാം.

ഇവിടെ അബ്ദുള്ള പി. എ ഇങ്ങനെ നാം നിരന്തരം കണ്ടു പരിചയിച്ച വസ്തുലോകത്തെ തന്റെ കലാപദ്ധതിയുടെ ഭാഗമായി പുന:ക്രമീകരിക്കുകയാണ്. അബ്ദുള്ളയുടെ ചേർത്തെടുപ്പിൽ ഈ വസ്തുക്കൾ മറ്റൊരു ജീവിതം ജീവിക്കാൻ തുടങ്ങുന്നു. അവ ഉപേക്ഷിച്ച കാലങ്ങളും ദേശങ്ങളും ഓർമ്മയുടെ ഫോസിലുകൾ എന്ന പോലെ ആ വസ്തുക്കളിൽ തിടം വെച്ചിരിപ്പുണ്ടാവാം. ഒരുപക്ഷേ പോയ കാലത്തിനും വരാനിരിക്കുന്ന കാലത്തിനുമിടയിൽ വെച്ച് അവ ഒരു കലാകാരന്റെ വസ്തുവായി തീരുന്ന അത്ഭുതകാഴ്ചയാണ് അബ്ദുള്ളയുടെ ഈ കലാപ്രദർശനത്തിൽ നാം കാണുന്നത്.

ഏറെ സഞ്ചരിക്കപ്പെട്ട, മറ്റൊരു രീതിയിൽ വിനിമയം ചെയ്യപ്പെട്ട ചെടികളും വിത്തുകളും എല്ലുകളും ഉപയോഗ്യശൂന്യമായ വസ്തുക്കളും എല്ലാം മറ്റൊരു വിധത്തിൽ ഇവിടെ ആർക്കൈവ് ചെയ്യപ്പെടുന്നുഒരുതരം നാടോടിശേഖരം പോലെ.2024 ജനുവരി 02 വരെയാണ് പ്രദർശനം. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 വരെയാണ്.

# പകർപ്പവകാശ ലംഘനം: പിപിഎൽ ഇന്ത്യയ്ക്ക് അനുകൂല വിധി

**ഡൽഹി:** ഫോണോഗ്രാഫിക് പെർഫോമൻസ് ലിമിറ്റഡ് (പിപിഎൽ ഇന്ത്യ) 70 ലക്ഷത്തിലധികം ഗാനങ്ങളുടെ വിപുലമായ കാറ്റലോഗ് സംരക്ഷിക്കാൻ ഉതകുന്ന വിധി ദില്ലി ഹൈക്കോടതിയിൽ നിന്ന് നേടിയെത്തതായി കമ്പനി അധികൃതർ വ്യക്തമാക്കി.

പകർപ്പവകാശ ലംഘനത്തിനെതിരെയുള്ള ഡൽഹി ഹൈക്കോടതിയുടെ നിർണ്ണായക വിധി പ്രകാരം ആവശ്യമായ ലൈസൻസില്ലാതെ പിപിഎൽ നിയന്ത്രിക്കുന്ന പകർപ്പവകാശമുള്ള പാട്ടുകൾ പ്രക്ഷേപണം ചെയ്യുന്നതിൽ നിന്ന് മറ്റു സ്ഥാപനങ്ങളെ തടഞ്ഞിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# സിംപോളോ വിട്രിഫൈഡ് പുതിയ ഷോറൂം കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സെറാമിക് നിർമ്മാതാക്കളായ സിംപോളോ വിട്രിഫൈഡ്  കൊച്ചി ചക്കരപറമ്പിൽ ആദ്യത്തെ എക്സ്ക്ലൂസീവ്  ഷോറും ആരംഭിച്ചു. ഇറ്റാലിയൻ സെറാമിക് വിപണിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച്  ടൈലുകൾ നിർമ്മിക്കുന്ന ആദ്യത്തെ സെറാമിക് ബ്രാൻഡാണ് സിംപോളോ. തത്സമയ ഡിസ്പ്ലേ മോക്കപ്പിലൂടെയും ക്യുആർ കോഡിന്റെ സ്കാനിംങിലൂടെയും ഉൽപ്പന്നങ്ങളുടെ 360ഡിഗ്രി ദൃശ്യവൽക്കരണം ഉപഭോക്താക്കൾക്ക് ലഭിക്കുകയും അതിവേഗം ഉൽപ്പന്നം സ്വന്തമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

# കല്ലട ജലസേചന പദ്ധതി: നവീകരണത്തിന് 70 ലക്ഷം

**കൊട്ടാരക്കര:** കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറിയുടെ നവീകരണത്തിന് 70ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.



നിലവിലെ കൊട്ടാരക്കര നഗരസഭാ പ്രദേശങ്ങൾ, നെടുവത്തൂർ, മൈലം, കലയപുരം, പൂവറ്റൂർ കിഴക്ക്, കുളക്കട കിഴക്ക് ഭാഗങ്ങളിലെ കൃഷിയിടങ്ങളിൽ വെള്ളം എത്തിക്കുന്നത് ലക്ഷ്യമിട്ട് നിർമ്മിച്ചതാണ് പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറി.

15.389 കിലോമീറ്റർ നീളമുള്ള പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറി കൊട്ടാരക്കര ഇറ്റിസിഷട്ടർ പോയിൻറിൽ നിന്ന് ആരംഭിച്ച് പൂവറ്റൂർ കിഴക്ക് അവസാനിക്കും. കൊട്ടാരക്കര റെയിൽവേ മേൽപ്പാലത്തിന് ശേഷം എൻഎച്ച് 744 ൽ കനാൽ ക്രോസ് ചെയ്ത് കടന്നുപോകുന്നതിന് മുൻപായി ഉള്ള ചതുപ്പ് നിലത്തിൽ കനാലിൻറെ ഭാഗമായുള്ള രണ്ട് സൈഫൺ കിണറുകളും അതിനെ ബന്ധിപ്പിക്കുന്ന ബാരലും മണ്ണിന് അടിയിലായാണ് സ്ഥിതിചെയ്യുന്നത്. ഈ സൈഫൺ കിണറുകളിലെയും ബാരലിലെയും ചോർച്ച കാരണം കനാലിലെ വെള്ളം മുന്നോട്ട് ഒഴുക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. വർഷങ്ങളായി പൂവറ്റൂർ ഡിസ്ട്രിബ്യൂട്ടറിയിൽ 3.5 കിലോമീറ്റർ ദൂരത്തിൽ മാത്രമാണ് ജലവിതരണം നടത്താൻ കഴിയുന്നത്. മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രദേശം സന്ദർശിച്ച് പരിശോധന നടത്തുകയും സൈഫൺ കിണറുകളുടെയും ബാരലിൻറേയും ചോർച്ച പരിഹരിക്കാൻ ആവശ്യമായ നടപടികൾക്ക് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയുമായിരുന്നു. തുടർന്ന് കല്ലട ഇറിഗേഷൻ എഞ്ചിനീയറിംഗ് വിഭാഗം തയാർ ചെയ്ത 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതിനെ തുടർന്നാണ് ഡിസ്ട്രിബ്യൂട്ടറിയുടെ നവീകരണത്തിന് ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായത്. അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതോടെ നെടുവത്തൂർ, മൈലം, കലയപുരം, പൂവറ്റൂർകിഴക്ക്, കുളക്കട ഭാഗങ്ങളിലെ ശേഷിക്കുന്ന 11.8 കിലോമീറ്റർ ദൂരത്ത് ആവശ്യത്തിന് വെള്ളം എത്തിക്കാൻ സാധിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com